രുന്നത്, 1996-97ൽ 31727.97 കോടി രൂപയായും, 1997-98-ൽ 33253.68 കോടി രൂപയായും, 1998-99ൽ 35091.72 കോടി രൂപയായും വർദ്ധിച്ചു. പൊതുവായുണ്ടായ ഈ വർദ്ധനവ് കൃഷിയും അനുബന്ധ മേഖലകളും, വ്യവസായം, വൈദ്യുതി ഉത്പാദനം, ശുദ്ധജല വിതരണം, നിർമ്മാണം, ഗതാഗതം, ബാങ്കുകളും ഇൻഷ്വറൻസും തുടങ്ങി എല്ലാ പ്രധാന വികസന മേഖലകളിലെയും ആഭ്യന്തരവരുമാനത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. പ്രാഥമിക മേഖലയിലെ മൊത്തം വരുമാനം 1995-96-ലെ 8743.98 കോടി രൂപയിൽനിന്നും 1996-97ൽ 8956.81 കോടി രൂപയായും, 1997-98ൽ 9086.21 കോടി രൂപയായും, 1998-99ൽ 9443.35 കോടി രൂപയായും ഉയർന്നപ്പോൾ ദ്വിതീയ മേഖലയിലേത് ഈ വർഷങ്ങളിൽ 1995-96 ലെ 6531.33 കോടി രൂപയിൽ നിന്നും യഥാക്രമം 6618.07 കോടി രൂപയായും, 7009.55 കോടി രൂപയായും, 7422.41 കോടി രൂപയായും ഉയർന്നു. തൃതീയ മേഖലയിലെ മൊത്തം വരുമാനം 1995-96ൽ 15027.16 കോടി രൂപ ആയിരുന്നത് 1996-97ൽ 16153.09 കോടി രൂപയായും, 1997-98ൽ 17157.95 കോടി രൂപയായും, 1998-99ൽ 18223.96 കോടി രൂപയായും വർദ്ധിപ്പിച്ചു.

26 (336) റവന്യൂ കമ്മി

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. ജോർജ്. ജെ. മാത്യൂ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31.3.1996-ൽ സംസ്ഥാനത്തിന്റെ റവന്യൂ കമ്മി എത്ര ആയിരുന്നു;

(ബി) പ്രസ്തുത വർഷത്തിനുശേഷം റവന്യൂ കമ്മി വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ 31.3.1999 വരെ ഓരോ വർഷവും കമ്മി എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 402.81 കോടി രൂപ

(ബി) ഉണ്ട്.

1996-97 - 643.03 കോടിരൂപ

1997-98 - 1122.91 കോടിരൂപ

1998-99 - 2029.96 കോടിരൂപ.

27 (337) നികുതി പിരിവ് സംബന്ധിച്ച്

ശ്രീ. സി.എഫ്. തോമസ് :

ശ്രീ. കെ.എം. മാണി :

ശ്രീ. കെ. നാരായണക്കുറുപ്പ് :

ശ്രീ. മാമ്മൻ മത്തായി :

ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷം സെയിൽസ് ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, എക്സൈസ്, സ്റ്റാമ്പ്സ് ആന്റ് രജിസ്ട്രേഷൻ, വാഹന നികുതി, ലാന്റ് റവന്യൂ, വനം, സ്റ്റേറ്റ് ലോട്ടറി എന്നീ ഇനങ്ങളിൽ ലക്ഷ്യമിട്ടി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന നികുതി വരുമാനത്തിൽ എന്തു തുക പിരിച്ചെടുത്തുവെന്നും ഇത് ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ എത്ര ശതമാനമാണെന്നും ഓരോ വകുപ്പും തിരിച്ച് അറിയിക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെയും സ്വയം ഭരണ സ്ഥാപനങ്ങളുടെയും നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റാൻ നിർദ്ദേശിച്ചതിലൂടെ ഇതുവരെ സംസ്ഥാന സർക്കാരിന് ട്രഷറികളിൽ എത്രകോടി രൂപയുടെ അധിക നിക്ഷേപം ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ;

(സി) കടപ്പത്ര വില്പനയുടെ പുരോഗതി എന്താണെന്നും ഇതുവരെ എന്തു തുക സമാഹരിച്ചുവെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തിൽ നികുതിയിനങ്ങളിൽ എത്ര തുക പിരിച്ചെടുത്തിട്ടുണ്ട് എന്ന് സാമ്പത്തിക വർഷത്തിന്റെ അവസാനം കണക്കുകൾ പൂർത്തിയാക്കിയതിനുശേഷം മാത്രമേ തിട്ടപ്പെടുത്താൻ കഴിയുകയുള്ളു.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടേയും സ്വയം ഭരണ സ്ഥാപനങ്ങളുടേയും നിക്ഷേപം ട്രഷറികളിലേയ്ക്ക് മാറ്റാൻ നിർദ്ദേശിച്ചതിലൂടെ ഇതുവരെ സംസ്ഥാന സർക്കാരിന് ട്രഷറികളിൽ 173,53, 41,952/-രൂപ (നൂറ്റി എഴുപത്തിമൂന്ന് കോടി അൻപത്തിമൂന്ന് ലക്ഷത്തി നാൽപ്പത്തൊന്നായിരത്തി തൊള്ളായിരത്തി അൻപത്തി രണ്ട് രൂപ) നിക്ഷേപം ഉണ്ടാക്കാൻ കഴിഞ്ഞു.

(സി) സർക്കാർ വികസന വായ്പ ഇനത്തിൽ ഈ വർഷം 590.93 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

28 (341) കായംകുളം മണ്ഡലത്തിലെ ഭരണാനുമതിക്കുള്ള നിർമ്മാണ പദ്ധതികൾ

ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ 1999-2000-ാമാണ്ടിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകളിൽ പണി ആരംഭിച്ചവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പണി ആരംഭിക്കാത്ത മണ്ഡലത്തിലെ നിർമ്മാണ പദ്ധതികൾക്കെല്ലാം ധനകാര്യ വകുപ്പ്, നിർമ്മാണത്തിനുള്ള അനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(സി) എസ്റ്റിമേറ്റ് പ്രകാരം അധികം ആവശ്യമായി വരുന്ന ഫണ്ടുകൾ കൂടി നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ മണ്ഡലത്തിലെ ബഡ്ജറ്റിൽ അനുവദിച്ച വർക്കുകൾ ഫണ്ടില്ലാത്തതു കാരണം നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

ഉത്തരം

(എ) കായംകുളം ഠൗണിലെ മുട്ടംപാലം, കായംകുളം കാർത്തികപ്പള്ളി റോഡ് പരിഷ്കരണം എന്നിവയുടെ പണി ആരംഭിച്ചുകഴിഞ്ഞു. ടി.ബിയിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണി പൂർത്തിയായി.

LIBRARY ARCHIVES Kerala Legislative Assembly